**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 261** **22-02-2022 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് റീജിയണൽ അനലിറ്റിക്കൽ ആന്റ് റിസർച്ച് ലബോറട്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കൂത്തുപറമ്പിൽ പ്രവർത്തിക്കുന്നതും കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിലെ ഭക്ഷണവും വെള്ളവും പരിശോധിക്കാൻ കഴിയുന്ന സംവിധാനവുമുള്ള റീജിയണൽ അനലിറ്റിക്കൽ ആന്റ് റിസർച്ച് ലബോറട്ടറിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) | കണ്ണൂർ കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ഒരു അനലിറ്റിക്കൽ ലാബ് നിർമ്മിക്കുന്നതിനായി സർക്കാരിൽ നിന്ന് അനുമതി ലഭിച്ചതിനെ തുടർന്ന് പാട്യം പഞ്ചായത്തിൽ വലിയ വെളിച്ചം എന്ന സ്ഥലത്ത് KSIDC ൽ നിന്ന് പാട്ടത്തിനെടുത്ത ഒരേക്കർ സ്ഥലത്ത് 28/02/2019ൽ ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ തറക്കല്ലിടുകയുണ്ടായി. 2019-20 സാമ്പത്തിക വർഷത്തിൽ 1.65 കോടി രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപയും പ്രസ്തുത ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തി യെങ്കിലും ടി ലാബിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള DPR പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാകാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ഒരു കോടി രൂപയുടെ ഭരണാനുമതിയ്ക്കുള്ള വർക്കിംഗ് ഗ്രൂപ്പിൽ PWD കെട്ടിട വിഭാഗം ലഭ്യമാക്കിയ 10.60 കോടി രൂപയുടെ ഏകദേശ ചെലവ് സംബന്ധിച്ച പ്രാഥമിക എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. എന്നാൽ ടി എസ്റ്റിമേറ്റ് ഭരണാനുമതിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കാത്തതിനാൽ ഭരണാനുമതി ലഭിച്ചിട്ടില്ല. പ്രസ്തുത ലാബിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ PWD നിരക്കിൽ കെട്ടിടം വാടകയ്ക്കെടുത്ത് ലാബിന്റെ പ്രവർത്തനം താൽക്കാലികമായി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കൂത്തുപറമ്പ് വലിയവെളിച്ചത്ത് സർക്കാർ അനുവദിച്ച ഒരു ഏക്കർ സ്ഥലത്ത് ലാബിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര | (ബി) | 2018-19 സാമ്പത്തിക വർഷം 3.30 കോടി രൂപയും 2019-20 സാമ്പത്തിക വർഷം 1.65 കോടി രൂപയും 2020-21 സാമ്പത്തിക വർഷം ഒരു കോടി രൂപയും, 2021-22 സാമ്പത്തിക വർഷം ഒരു കോടി രൂപയും |

| | | | |
|---|---|---|---|
| | രൂപയെന്നും പ്രവൃത്തി എപ്പോൾ തുടങ്ങുമെന്നും വിശദമാക്കുമോ; | | ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. പൊതുമരാമത്ത് വകുപ്പ് DPR ലഭ്യമാക്കുന്ന മുറയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിയ്ക്കാൻ സാധിക്കുന്നതാണ്. |
| (സി) | പ്രസ്തുത ലബോറട്ടറി പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാകുന്നതോടെ പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാവുകയെന്ന് വിശദമാക്കുമോ? | (സി) | പ്രസ്തുത ലബോറട്ടറി പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാകുന്നതോടുകൂടി വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിലെ ഭക്ഷ്യ വസ്തുക്കൾ, കുടിവെള്ളം എന്നിവ സമയബന്ധിതമായി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ